(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ് എ.കെ. കെ. ഡി പി13-17/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കോഴിക്കോട് ജില്ല കാര്യാലയം
ഫോൺ: 04952371012
Email:- dokkd.ksad.kerala.gov.in
തീയ്യതി: 9-1-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അത്തോളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അത്തോളി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാനഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ എസ് എ.കെ. കെ. ഡി പി13-17/2017 തീയ്യതി 9-1-2017

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.02.2016മുതൽ 14.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ .കെ.കെ സതീഷ് കുമാർ | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.12.2016 മുതൽ 26.12.2016. വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷൈന എ കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഉണ്ണികൃഷ്ണൻ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. നിമ്മി.സി | സീ.ഗ്രേ.ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.രമ പാലോത്ത് | 2010 മുതൽ 2015 വരെ |
| | ശ്രീ.രവീന്ദ്രൻ | 2015 മുതൽ തുടരുന്നു |
| സെക്രട്ടറി | | |
| | ശ്രീ അജിത് കുമാർ കെ കെ | 01.04.2015 മുതൽ 31.05.2015 വരെ |
| | ശ്രീ.രാജേഷ് എ | 01.06.2015 മുതൽ 31.03.2016 വരെ |
| | | |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി പി വി സത്യഭാമ | 22.08.2015 മുതൽ31.03.2016 വരെ |
| അസി.എഞ്ചിനീയർ | ശ്രീ സൂരജ് പി ജി | 01.04.2015 മുതൽ 31.03.2016 വരെ |
| വി ഇ ഒ | ശ്രീ.ഷാജു ബി | 01.04.2015 മുതൽ 31.03.2016 വരെ |
| വി ഇ ഒ | ശ്രീമതി സുധ എം | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | .ശ്രീ വിജയൻ.എം വി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ-പി എച്ച് സി | ഡോ.റോഷ്നി | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.കെ.പ്രഷീല | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.എ.ജി അജിത് കുമാർ | 01.04.2015 മുതൽ 31.30.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.മോഹൻ ദാസ് കെ | 05.12.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | .ശ്രീമതി.ബിന്ദു ആർ | 01.04.2015മുതൽ 04.12.2015 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.ശോഭന എം ടി | 01.07.2015മുതൽ 31.03.2016. വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.ഗീതകുമാരി കെ | 01.04.2015 മുതൽ 30.06.2015 വരെ |
| ഡി എഫ് ഐ | ശ്രീമതി സജിത പി | 01.04.2015 മുതൽ 30.06.2015 വരെ |

| ക്രമ നം | ഭാഗം - 1 പൊതു അവലോകനം | ഖണ്ഡിക നം |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം -2വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | വാർഷിക ധനകാര്യ പതികയിലെ അപാകതകൾ | 2-1 |
| 12 | കേന്ദ്ര ഫണ്ടുകൾ – ദേശസാത്കൃത ബാങ്കിൽ പ്രത്യേക അക്കൗണ്ടുകളിൽ സൂക്ഷിച്ചില്ല. | 2-2 |
| 13 | ഡി. ആൻറ് ഒ ലൈസൻസ്- പൊതു അപാകതകൾ | 2-3 |
| 15 | പഞ്ചായത്ത് പരസ്യ നികുതി ഈടാക്കുന്നില്ല | 2-4 |
| 16 | ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നില്ല | 2-5 |
| 17 | ബി.എസ്.എൻ.എൽ കെട്ടിടത്തിനും ടവറിനും വസ്തു ഈടാക്കാത്തത് – സംബന്ധിച്ച് | 2-6 |
| ഭാഗം -3- ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | റോഡ് പ്രവൃത്തികൾക്ക് ബിറ്റുമിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ തുക നൽകി. | 3-1 |
| 19 | കരാറിൽ ഏർപ്പെടാതെ ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് അഡ്വാൻസ് നൽകി- പ്രവർത്തി പൂർത്തിയായില്ല. | 3-2 |
| 20 | കോൺക്രീറ്റ് പ്രവർത്തികൾക്ക് അധികം കനം നൽകി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-3 |
| 21 | സർക്കാർ സ്കൂളിലേക്ക് കമ്പ്യൂട്ടർ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-4 |
| 22 | സാനിട്ടറി ഉപകരണങ്ങൾ വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-5 |

| | | |
|---|---|---|
| 23 | ഗുണഭോക്തൃ സമിതികൾ പ്രവർത്തി നടപ്പിലാക്കുന്നതിലെ അപാകതകൾ | 3-6 |
| 24 | ഐ.ആർ.സി. സ്പെസിഫിക്കേഷന് വിരുദ്ധമായി റോഡ് കോൺക്രീറ്റ് പ്രവർത്തികൾ നടത്തുന്നു. | 3-7 |
| 25 | ഭാഗികമായി പ്രവർത്തികൾ നടപ്പിലാക്കുന്നു, മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പുതിയ റോഡുകൾ നിർമ്മിക്കുന്നു. | 3-8 |
| 26 | അടിസ്ഥാന സംഖ്യ വികസങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല | 3-9 |
| 27 | ആശ്രയ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച | 3-10 |
| 28 | പൈക്ക ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചില്ല. | 3-11 |
| 29 | അഴയിൽ മീത്തൽ കുടിവെള്ള പദ്ധതി – പമ്പ് സെറ്റ് മാറ്റിവെയ്ക്കേണ്ട ആവശ്യകത വ്യക്തമല്ല | 3-12 |
| 30 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- തുക തടസ്സത്തിൽ വെയ്ക്കുന്നു. | 3-13 |
| 31 | കെ.എസ്.ഇ.ബി വൈദ്യുതി ചാർജ്ജ് കൂടുതൽ ഈടാക്കി | 3-14 |
| 32 | ടെലഫോൺ ചാർജ്ജിലെ വർദ്ധനവ് പരിശോധിച്ചില്ല. | 3-15 |
| 33 | ദുരിതാശ്വാസ നിധി പ്രവർത്തിക്കുന്നില്ല | 3-16 |
| 34 | പദ്ധതി ആസൂത്രണമില്ലാതെ നടപ്പാക്കുന്നു. | 3-17 |
| 35 | സംയുക്ത പ്രോജക്ടുകളുടെ ചെലവഴിക്കാത്ത തുക – സഞ്ചിത നിധിയിൽ തിരിച്ചടച്ചു. | 3-18 |
| 36 | പഞ്ചായത്തുകളുടെ കാര്യത്തിൽ ഐ.കെ.എം. പ്രവർത്തനം തൃപ്തികരമല്ല. | 3-19 |
| ഭാഗം-4 പൊതു വവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 22 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് .24.03.2015 തിയതിയിലെ 273/2014-15 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം താഴെ കൊടുക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് | യഥാർഥത്തിൽ | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| മുന്നിരിപ്പ് | 76,43,986 | 2,25,83,358 | +1,49,39,372 | |
| വരവ് | 12,98,42,984 | 4,53,66,166 | -8,44,76,818 | 65%(കുറവ്) |
| ആകെ | 13,74,86,970 | 6,79,49,524 | -6,95,37,446 | |
| ചെലവ് | 12,71,20,100 | 5,75,42,923 | -6,95,77,177 | 45%(കുറവ്) |
| നീക്കിയിരിപ്പ് | 1,03,66,870 | 1,04,06,601 | +39,731 | |

മേൽ പട്ടിക പ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത വരവും ചെലവും യഥാർഥത്തിൽ നിന്നും വളരെ വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 23.07.2016 | --- | ---- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 22.12.2016 | അനുബന്ധം 1 ആയി ഉൾപ്പെടുത്തി. |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -2,25,83,358

വരവ് -4,53,66,166

ആകെ -6,79,49,524

ചെലവ് -5,75,42,923

നീക്കിയിരിപ്പ്-1,04,06,601

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റഡ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2696180 | - | 11190610 | 9197044 | +8494430<br>- 1993566 | 0 |
| വികസനഫണ്ട് എസ്.സി.പി. | 6803196 | 9538952 | 16342148 | 11496607 | -4845541 | 0 |
| വികസനഫണ്ട് ടി.എസ്.പി. | --- | ---- | ---- | --- | --- | --- |
| പെർഫോമൻസ് ഗ്രാന്റ് | 2928737 | 1630944 | 4559681 | 2902336 | - 1657345 | 0 |
| 13- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2327727 | 5418212 | 7745939 | 5754395 | -573285<br>- 1991544 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 29729155 | 29729155 | 29729155 | --- | 0 |
| സി ഫണ്ട് (നോൺ റോഡ്) | 864159 | 1495517 | 2359676 | 2359676 | ---- | 0 |
| സി ഫണ്ട് (റോഡ്) | 339000 | 6739662 | 7078662 | 7078662 | ---- | 0 |
| എൻ.ആർ.ഇ.ജി.എ.സ് | 86898 | 15539649 | 15626547 | 15624924 | --- | 1623 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 7,54,44,890 | 98 | 4,11,03,771 | 60 | 12 | 60% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 40%.ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 46,76,210 | 66,56,610 | 19,80,400 | 42% |
| നികുതിയേതര വരവുകൾ | 6,08,683 | 7,30,038 | 1,21,355 | 20% |
| മറ്റുവരവുകൾ | 1,09,232 | 1,46,730 | 37,498 | 34% |
| ആകെ | 53,94,125 | 75,33,378 | 21,39,253 | 40% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5,96,880 | 349 |
| കർഷകതൊഴിലാളി പെൻഷൻ | 37,45,350 | 532 |
| വിധവാപെൻഷൻ | 99,10,560 | 1067 |
| വാർദ്ധക്യകാലപെൻഷൻ | 1,14,96,300 | 1713 |
| വികലാംഗപെൻഷൻ | 29,88,235 | 299 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 81,8,560 | 91 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,50,000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,042/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.07.2016 -7.07.2016 | 5/2016,6/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.04.2016-28.04.2016 | 2011-12-2014-15 | 14.06.2016 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2015- 16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) വസ്തു നികുതിയുടെ നീക്കിയിരിപ്പ് രജിസ്റ്റർ പ്രകാരം 8,02,017 രൂപയാണെങ്കിൽ വാർഷിക ധനകാര്യപത്രിക പ്രകാരം 7,85,753 രൂപയാണ്.

2) മത്സ്യ മാർക്കറ്റിൽ നിന്നുള്ള വരവായ 19,500 രൂപ വാർഷിക ധനകാര്യ പത്രികയിൽ വരവായി കാണുന്നില്ല.

3) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. കൂടാതെ പത്രികയിലെ ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

5) ജീവനക്കാരുടെ തൊഴിൽ നികുതി വരവ് രജിസ്റ്റർ പ്രകാരം 14,13,330 രൂപയാണെങ്കിൽ, വാർഷിക ധനകാര്യകപത്രിക പ്രകാരം 1381380 രൂപയാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 2-2 കേന്ദ്ര ഫണ്ടുകൾ- ദേശസാത്കൃത ബാങ്കിൽ പ്രത്യേക അക്കൗണ്ടുകളിൽ സൂക്ഷിച്ചില്ല.

2015-16 വർഷം വരെ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്ന കേന്ദ്ര പദ്ധതികളായ എസ് എസ് എ, സമ്പൂർണ്ണ ശുചിത്വം, അനുപൂരക പോഷകാഹാര പദ്ധതി എന്നിവയ്ക്ക് സ്വന്തമായി ദേശസാത്കൃത ബാങ്കിൽ പ്രത്യേക അക്കൗണ്ടുകൾ ആരംഭിച്ചിട്ടില്ല. അതിനാൽ ഈ തുക തനത് ഫണ്ടുകൾ നിക്ഷേപിക്കുന്ന അക്കൗണ്ടിൽ തന്നെയാണ് നിക്ഷേപിച്ചിരിക്കുന്നത്. ഇക്കാരണത്താൽ ഓരോ പദ്ധതിക്കുമുള്ള തുക പ്രത്യേകമായി കണക്കാക്കാൻ സാധിക്കുന്നില്ല. കൂടാതെ ഇവയ്കോരോന്നിനും ലഭിക്കുമായിരുന്ന പലിശയും എത്രയാണെന്ന് വ്യക്തമാവുന്നുമില്ല.

കേന്ദ്ര ഫണ്ടുകൾക്ക് ദേശസാത്കൃത ബാങ്കിൽ പ്രത്യേക അക്കൗണ്ടുകൾ ആരംഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, പ്രത്യേകം അക്കൗണ്ടുകൾ തുറക്കേണ്ടതുമാണ്.

### 2-3 ഡി ആന്റ് ഒ ലൈസൻസ് -പൊതു അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക 2,3,4 പ്രകാരം വിറ്റുവരവിനെ അല്ലെങ്കിൽ യന്ത്രത്തിന്റെ കുതിര ശക്തിയെ അടിസ്ഥാനപ്പെടുത്തിയാണ് ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച ഭൂരിപക്ഷം അപേക്ഷകളിലും വിറ്റുവരവ് കോളം പൂരിപ്പിച്ചിട്ടില്ല. വിറ്റുവരവ് കണക്കാക്കാൻ ബുദ്ധിമുട്ടുള്ള സംഗതിയിൽ സ്ഥാപനത്തിന്റെ സ്ഥിരനിക്ഷേപത്തിന്റെ അഞ്ച് ശതമാനം ഒരു ദിവസത്തെ വിറ്റു വരവായി കണക്കാക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള നടപടിയും സ്വീകരിച്ചു കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ നം | ലൈസൻസിയുടെ പേര് | കച്ചവടം |
|---|---|---|---|
| 1 | 225 | ഫെബിന, ചെറുകണ്ടി പറമ്പ് | ചെരിപ്പ് വില്പന |
| 2 | 109 | ബൈജു.കെ, പുത്തൻ പുരയിൽ | ഇൻറ്റീരിയർ ഡെക്കറേഷൻ |
| 3 | 356 | കെ.ശ്രീനിവാസൻ, ധനേഷ് നിലയം | ചായക്കട |
| 4 | 391 | പ്രഭാകരൻ, മഠത്തിൽ പറമ്പ് | വുഡ് ഇൻഡസ്ട്രി |
| 5 | 425 | വി.കെ.ശ്രീധരൻ | തേങ്ങ കച്ചവടം |

ലൈസൻസ് ഫീസ് ചുമത്തുന്നതിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ കൂടാതെ എങ്ങനെയാണ് ലൈസൻസ്

ചുമത്തിയതെന്നും വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കാൻ കൃത്യമായ മാനദണ്ഡങ്ങൾ ഉണ്ടെന്നിരിക്കെ അപൂർണ്ണമായ അപേക്ഷകൾ സ്വീകരിച്ച് അവ്യക്തമായ രീതിയിൽ ഫീ ഈടാക്കുന്നത് വിശദികരിക്കപ്പെടേണ്ടതാണ്.

## 2-4 പഞ്ചായത്ത് പരസ്യ നികുതി ഈടാക്കുന്നില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും,വകുപ്പ് 209 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ, കെട്ടിടത്തിലോ, ചുവരിലോ, പരസ്യപലകയിലോ ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയാണെങ്കിൽ, പരസ്യം പ്രദർശിപ്പിക്കുന്ന ഏതൊരാളും സർക്കാരിന്റെ അംഗീകാരത്തോടു കൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി കൊടുക്കേണ്ടതാണ്. എന്നാൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ച് കാണുന്നില്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. പരസ്യനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നില്ല.

പഞ്ചായത്തിലെ എസ് ബി ടി അത്തോളി ശാഖയിലുള്ള 33750493008 നമ്പർ അക്കൗണ്ടിൽ ഇപ്പോൾ 259/- രൂപ മാത്രമെ അവശേഷിക്കുന്നുള്ളൂ.ഫെബ്രുവരി 2015 ന ശേഷം ഈ അക്കൗണ്ടിൽ ട്രാൻസാക്ഷൻ നടന്നിട്ടില്ല.നിലവിൽ പലിശ മാത്രം ക്രെഡിറ്റ് ചെയ്തു തുടർന്ന് പോരുകയാണ്.അക്കൗണ്ട് ക്ലോസ് ചെയ്യാനുള്ള നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.ഇടപാടുകൾ നടക്കാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ സർക്കാർ നിർദ്ദേശമുള്ളതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 2-6 ബി എസ് എൻ എൽ കെട്ടിടത്തിനും ടവറിനും വസ്തു നികുതി ഈടാക്കാത്തത് -സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ ബി.എസ്.എൻ.എൽ.ന്റെ ഇരു നില കെട്ടിടത്തിനും, ടവറിനും വസ്തു നികുതി ഈടാക്കിയിരുന്നില്ല. വർഷങ്ങളായി കേന്ദ്ര ഗവൺമെന്റ് സ്ഥാപനം എന്ന നിലയിൽ പഞ്ചായത്ത് ഇത് ഒഴിവാക്കി വരികയായിരുന്നെങ്കിലും 06.09.2016 ന് ഡിമാന്റ് നോട്ടീസ് അയച്ചിരുന്നു. (GO(Rt)No.2640/2012/LSGD dted:19.09.2012 പ്രകാരം BSNL ടവറിനെ വസ്തു നികുതിയുടെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നില്ല.) പ്രതികരണമില്ലാഞ്ഞതിനാൽ 08.12.2016 ന് RR നടപടിക്കുള്ള ഡിമാന്റ് നോട്ടീസും അയച്ചിട്ടുണ്ട്.ഡിമാന്റ് നോട്ടീസ് പ്രകാരം ഈടാക്കാനുള്ള തുക താഴെ കൊടുക്കുന്നു.

2004-05 മുതൽ 2010-11 വരെ(കെട്ടിട നികുതി)-1,11,132/-

2011-12 മുതൽ 2016-17 വരെ(വസ്തു നികുതി)-1,30,680/-

മൊബൈൽ ടവറിന് വസ്തു നികുതി രജിസ്റ്റർ പ്രകാരം വസ്തുനികുതി കണക്കാക്കിയിട്ടില്ല. ടവർ കെട്ടിടത്തിന് മുകളിൽ തന്നെയാണുള്ളത്. ആയതിനാൽ 14..01.20111 ലെ സ ഉ (അ) നം 20/11/തസ്വഭവ വകുപ്പ് 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ചട്ടപ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ്. അപ്രകാരം ചെയ്തു കാണുന്നില്ല. ആയത് വിശദീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് പ്രവർത്തികൾക്ക് ബിറ്റുമിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ തുക നൽകി

ഗ്രാമപഞ്ചായത്ത് 2015-16 വർഷം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡെൽഹി ഷെഡ്യൂൾ നിരക്ക് ആണ് ബാധകമാക്കിയിട്ടുള്ളത് (DSR). CPWD കോഡ് 16-30-1 (ടാക്ക്കോട്ട്) VG 10 ഗ്രേഡ് ബിറ്റുമിനും കോഡ് 16-32-2 (പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്) കോഡ് 16-41 (സീൽകോട്ട്) എന്നീ ഇനം പ്രവർത്തികൾ VG-30 ഗ്രേഡ് ബിറ്റുമിനും ഉപയോഗിച്ചാണ് ചെയ്തത്. പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബിറ്റുമിന്റെ മാർക്കറ്റ് വില ഷെഡ്യൂൾ നരക്കിനേക്കാൾ (DSR) കുറവായതിനാൽ പ്രവർത്തികൾക്ക് അധിക നിരക്ക് അനുവദിച്ചതായി കാണുന്നു. VG-30 ഗ്രേഡ് ബിറ്റുമിന് ഡി.എസ്.ആർ നിരക്കായ ഒരു ടണ്ണിന് 41000 രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുന്നതുകയും VG 10 ഗ്രേഡ് ബിറ്റുമിന് ഡി.എസ്.ആർ നിരക്കായ ഒരു ടണ്ണിന് 50600 രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുന്നതുക തുകയുമാണ് വിവിധ ഇനങ്ങൾക്ക് നൽകിയത്. ജി.ഒ.(ആർ.ടി) 786/14 തസ്വഭവ തീയതി: 18.3.2014 പ്രകാരം റോഡ് പ്രവൃത്തിക്ക് ടാറിന്റെ വില ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടാറിന്റെ വില പൊതുവിപണിയിൽ വർദ്ധിച്ചാൽ മാത്രമല്ല കുറഞ്ഞാലും ഈ

ഉത്തരവ് ബാധകമാണ്. കൂടാതെ മരാമത്ത് പ്രവൃത്തികൾ ടെൻഡർ/കമ്മിറ്റികൾക്ക് എൽപ്പിച്ച് നൽകുമ്പോൾ ഇക്കാര്യം കരാറിൽ വ്യക്തമാക്കേണ്ടതാണ്. ഇതിന്റെ അഭാവത്തിൽ ടാർ ഉപയോഗിച്ച് ചെയ്യുന്ന ഇനങ്ങൾക്ക് വൻതുക അധികം തുക നൽകേണ്ടി വന്നിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ എസ്റ്റിമേറ്റ്/കൺവീനർ, കരാറുകാ രൻ/ ബിൽ നമ്പർ/ തുക/ എം ബുക്ക് , കോസ്റ്റ് ഇൻഡക്സ്/ ടെൻഡർ തീയതി | ഇനം | ചെയ്ത പ്രവൃത്തി എം- ബുക്ക് | ആവശ്യ മായ ടാർ | അനുവദിച്ച തുക (കോസ്റ്റ് ഇൻഡക്സ് 1.381) | അനുവദിക്കേണ്ടത് (കരാർ തിയ്യതിയിലെ മാർക്കറ്റ് റേറ്റ് നികുതി ഉൾപ്പെടെ കോസ്റ്റ് ഇൻഡക്സ് ഇല്ല) | അധികം |
|---|---|---|---|---|---|---|---|
| 1 | എസ്.ഓ.87/16- കോമത്ത് മീത്തൽ കോളനി റോഡ്-അടങ്കൽ- 250000<br>കൺവീനർ ബാലൻ.പി.കെ കരാർ-70/15-16 /1-10-15<br>ബിൽ നം-79/<br>15-16 -249999<br>തീയതിഃ 31.3.16<br>TS-AEE/PBP /330/15-16 /21-1-16 | 5<br>6<br>7 | എം-ബുക്ക്- 47/15-16<br>ടാക്ക്കോട്ട് 423.23ച.മീ.<br>.പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>423.23ച.മീ.<br>സീൽകോട്ട് 423.23ച.മീ. | vg-10<br>.75 kg /<br>100ച.മീ. =. .75X423.23 =317.42 kg=.31742ടൺ<br>vg-30<br>1.44 kg /<br>100ച.മീ.=<br>1.44X423.23=609.45kg<br>=.60945ടൺ<br>vg-30<br>.98 kg /<br>100ച.മീ. =<br>.98X423.23<br>=414.76kg<br>=.41476ടൺ | .31472 X50600<br>X1.381<br>=21992<br>.60945<br>X41000<br>1.381<br>=34507<br>.41476<br>X41000<br>X1.381<br>=23484 | .31472x31500 (30000+5%tax) =9914<br>.60945X 32340<br>(30800X 5%tax)<br>=19710<br>.41476<br>X32340<br>(30800<br>X5%tax)<br>=13413 | 12078<br>14797<br>10071 |
| 2 | എസ്.ഓ.94/16- കുറ്റിയിൽ താഴെ പയി ങ്ങാട്ട് താഴെ റോഡ്-അടങ്കൽ- | 5<br>6 | എം-ബുക്ക്- 59/15-16<br>ടാക്ക്കോട്ട് 667.54ച.മീ. | vg-10<br>.75 kg /<br>100ച.മീ. =. | .50065 X50600<br>X1.381 | .50065 x31500(30000+5%tax)<br>=15770 | 19215<br>23340 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 400000<br>കൺവീനർ സുരേന്ദ്രൻ.പി.<br>കരാർ-73/15-16 /1-10-15<br>ബിൽ നം-69/<br>15-16 -400000<br>തീയതിഃ 17.3.16<br>TS-AEE/PBP /293/15-16 /30-12-15 | 7 | പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>667.54ച.മീ.<br>സീൽകോട്ട് 667.54ച.മീ. | .75X667.54 =500.65 kg=.50065ടൺ<br>vg-30<br>1.44 kg /<br>100ച.മീ.= 1.44X667.54=961.25<br>.96125 ടൺ<br>vg-30<br>.98 kg /<br>100ച.മീ. =.98x667.54=654.18<br>=.65418 ടൺ | =34985<br>.96125<br>X41000<br>1.381<br>=54427<br>.65418<br>X41000<br>X1.381<br>=37040 | .96125<br>X32340<br>(30800<br>X5%tax)<br>=31087<br>.65418<br>X32340<br>(30800<br>X5%tax)<br>=21156 | 15884 |
| 3 | എസ്.ഓ.102/16-തോട്ടത്തിൽ അമ്പലം റോഡ് ടാറിങ്ങ്-അടങ്കൽ-200000<br>കൺവീനർ .ഗുരുദാസൻ<br>കരാർ-74/15-16 /1-10-15<br>ബിൽ നം-87/<br>15-16 /187600<br>തീയതിഃ 31.3.16<br>TS-AEE/PBP /228/15-16 /21-12-15 | 5<br>6<br>7 | എം-ബുക്ക്-50/15-16<br>ടാക്ക്കോട്ട് 306.25ച.മീ.<br>.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>306.25ച.മീ.<br>സീൽകോട്ട് 306.25ച.മീ. | vg-10<br>.75 kg /<br>100ച.മീ. =. .75X306.25 =229.68 kg=.22968ടൺ<br>vg-30<br>1.44 kg /<br>100ച.മീ.=<br>1.44X306.25= 441kg<br>=..441ടൺ<br>vg-30<br>.98 kg /<br>100ച.മീ. =<br>.98X306.25<br>=300.12kg<br>=.30012ടൺ | .22968 X50600<br>X1.381<br>=16050<br>.441<br>X41000<br>1.381<br>=24969<br>.30012<br>X41000<br>X1.381<br>=16993 | .22968 x31500(30000+5%tax)<br>=7235<br>.441<br>X32340<br>(30800<br>X5%tax)<br>=14262<br>.30012<br>X32340<br>(30800<br>X5%tax)<br>=9706 | 8815<br>10707<br>7287 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | എസ്.ഓ.90/16-കണ്ണിപ്പൊയിൽ കവലായിത്താഴെ റോഡ് ടാറിങ്ങ്- അടങ്കൽ- 350000<br>കൺവീനർ.അരുൺ കുമാർ<br>കരാർ-20/15-16 /07-08-15<br>ബിൽ നം-46/<br>15-16 /87500<br>തീയതി: 21-01.16<br>ബിൽ നം-97/<br>15-16 /200000<br>തീയതി: 31-03-16<br>TS-AEE/PBP /326/15-16 /21-1-16 | 5<br>6<br>7 | എം-ബുക്ക്- 11/15-16<br>ടാക്ക്കോട്ട് 595.5ച.മീ.<br>.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>595.5ച.മീ.<br>സീൽകോട്ട് 595.5ച.മീ. | vg-10<br>.75 kg /<br>100ച.മീ. =. .75X595.5 =446.625 kg=.44662ടൺ<br>vg-30<br>1.44 kg /<br>100ച.മീ.=<br>1.44X595.5=857.52 kg<br>=.85752ടൺ<br>vg-30<br>.98 kg /<br>100ച.മീ. =<br>.98X595.5<br>=583.59kg<br>=.58359ടൺ | .44662 X50600<br>X1.381<br>=31209<br>.85752.<br>X41000<br>X1.381<br>=48554<br>.58359<br>X41000<br>X1.381<br>=33043 | .44662 x36446<br>(34710+5%tax)<br>=16228<br>.85752<br>X37286<br>(35510<br>X5%tax)<br>=31973<br>.58359<br>X37286<br>(35510<br>X5%tax)<br>=21760 | 14981<br>16581<br>11283 |
| 5 | എസ്.ഓ.95/16-നടുവിലായിൽ റോഡ് ടാറിങ്ങ്- അടങ്കൽ-425000<br>കൺവീനർ.വി.ടി. നാസർ<br>കരാർ-43/15-16 /14-08-15<br>ബിൽ നം--88/<br>15-16 /425000<br>തീയതി: 31-03-16<br>TS-AEE/PBP/327/ 15-1620-1/16 | 5<br>6<br>7 | എം-ബുക്ക്- 56/15-16<br>ടാക്ക്കോട്ട് 709.55ച.മീ.<br>.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>709.55ച.മീ.<br>സീൽകോട്ട് 709.55ച.മീ. | vg-10<br>.75 kg /<br>100ച.മീ. =. .75X709.5 5=532.16 kg=.53216ടൺ<br>vg-30<br>1.44 kg /<br>100ച.മീ.=<br>1.44X709.55=1021.75 kg<br>=.1.021ടൺ<br>vg-30<br>.98 kg /<br>100ച.മീ. =<br>.98X709.55<br>=695.359kg<br>=.69535ടൺ | .53216 X50600<br>X1.381<br>=37186<br>1.021<br>X41000<br>X1.381<br>=57810<br>.69535<br>X41000<br>X1.381<br>=39371 | .53216 x36446<br>(34710+5%tax)<br>=19395<br>1.021<br>X37286<br>(35510<br>X5%tax)<br>=38069<br>.69535<br>X37286<br>(35510<br>X5%tax)<br>=25926 | 17790<br>19741<br>13445 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | എസ്.ഓ.111/16-നെച്ചൂളി പൊയിൽ പരയരു കണ്ടി മുള്ളാലു കണ്ടി റോഡ് ടാറിങ്ങ്-അടങ്കൽ-498000 കൺവീനർ.. ജനാർദ്ധനൻ<br>കരാർ-31/15-16/14-08-15<br>ബിൽ നം-110/<br>15-16 /485000<br>തീയതിഃ 31-03-16<br>TS-AEE/PBP/339/ 15-16/21-1/16 | 5<br>6<br>7 | എം-ബുക്ക്-51/15-16<br>ടാക്ക്കോട്ട് 824.15ച.മീ.<br>.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>824.15ച.മീ.<br>സീൽകോട്ട് 824.15ച.മീ. | vg-10<br>.75 kg /<br>100ച.മീ. = .75X 824.15= 618.11kg=..61811ടൺ<br>vg-30<br>1.44 kg /<br>100ച.മീ.=<br>1.44X824.15=1186.77 kg<br>=1.186ടൺ<br>vg-30<br>.98 kg /<br>100ച.മീ. =<br>.98X 824.15= 807.667kg<br>=.80766ടൺ | .53216 X50600<br>X1.381<br>=37186<br>1.186<br>X41000<br>X1.381<br>=67153<br>.80766<br>X41000<br>X1.381<br>=45730 | .53216 x36446<br>(34710+5%tax)<br>=19395<br>1.186<br>X37286<br>(35510<br>X5%tax)<br>=44221<br>.80766<br>X37286<br>(35510<br>X5%tax)<br>=30114 | 17790<br>22932<br>15616 |
| 7 | എസ്.ഓ.92/16-പമ്പ് ഹൗസ് അരിയാട്ട് താഴെ റോഡ് റീ ടാറിങ്ങ്-അടങ്കൽ-350000 കൺവീനർ..ശ്രീമതി.കെ.സി<br>കരാർ-95/15-16/4-03-16<br>ബിൽ നം-85/<br>15-16 /330000<br>തീയതിഃ 31-03-16<br>TS-AEE/PBP/328/ 15-16/20-1-16 | 8<br>9<br>10 | എം-ബുക്ക്-3/15-16<br>ടാക്ക്കോട്ട് 25.86ച.മീ.<br>.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>863ച.മീ.<br>സീൽകോട്ട് 863ച.മീ. | vg-10<br>.75 kg /<br>100ച.മീ. = .75X 25.86= 19.395kg=<br>.01939ടൺ<br>vg-30<br>1.44 kg /<br>100ച.മീ.=<br>1.44X863=<br>1242.72 kg<br>=1.242ടൺ<br>vg-30<br>.98 kg /<br>100ച.മീ. =<br>.98X 863= 845.74 kg<br>=.84574ടൺ | .01939 X50600<br>X1.381<br>=1355<br>1.242<br>X41000<br>X1.381<br>=70323<br>.84574<br>X41000<br>X1.381<br>=47886 | ..01939 x26684<br>(25413+5%tax)<br>=517<br>1.242<br>X27524<br>(26213<br>X5%tax)<br>=34185<br>.84574<br>X27254<br>(26213<br>X5%tax)<br>=23278 | 838<br>36138<br>24608 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | എസ്.ഓ.110/16-പുളിക്കൾ റോഡ് ടാറിങ്ങ്-അടങ്കൽ-350000 കൺവീനർ..വേലായുധൻ.കെ.സി<br>കരാർ-89/15-16/4-03-16<br>ബിൽ നം-103/<br>15-16 /330000<br>തീയതി: 31-03-16<br>TS-AEE/PBP/362/ 15-16/27-2-16 | 5<br>6<br>17 | എം-ബുക്ക്-18/15-16<br>ടാക്ക്കോട്ട് 597.25ച.മീ.<br>.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>597.25ച.മീ.<br>സീൽകോട്ട് 597.25ച.മീ. | vg-10<br>.75 kg /<br>100ച.മീ. = .75X597.25 = 447.93 kg=<br>.44793<br>ടൺ<br>vg-30<br>1.44 kg /<br>100ച.മീ.=<br>1.44X<br>597.25=<br>860 kg<br>=.860ടൺ<br>vg-30<br>.98 kg /<br>100ച.മീ. =<br>.98X 597.25= 585.30 kg<br>=.5853ടൺ | .44793 X50600<br>X1.381<br>=31301<br>.860<br>X41000<br>X1.381<br>=48694<br>.5853<br>X41000<br>X1.381<br>=33140 | .44793 x26684<br>(25413+5%tax)<br>=11952<br>.860<br>X27254<br>(26213<br>X5%tax)<br>=23438<br>.<br>.5853<br>X27254<br>(26213<br>X5%tax)<br>=15952 | 19349<br>25256<br>17188 |
| 9 | എസ്.ഓ.101/16-ചിറ്റാ രിക്കൽ എടക്കോത്ത് റോഡ് ടാറിങ്ങ്-<br>അടങ്കൽ-250000<br>കൺവീനർ.അശോകൻ.എം.പി<br>കരാര്93/15-16/4-03-16<br>ബിൽ നം-114/<br>15-16 /230000<br>തീയതി: 31-03-16<br>TS-AEE/PBP/364/ 15-16/27-2-16 | 5<br>6<br>17 | എം-ബുക്ക്-22/15-16<br>ടാക്ക്കോട്ട് 420.63ച.മീ.<br>.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>420.63ച.മീ.<br>സീൽകോട്ട് 420.63ച.മീ. | vg-10<br>.75 kg /<br>100ച.മീ. = .75X420.63 = 315.47 kg=<br>.31547<br>ടൺ<br>vg-30<br>1.44 kg /<br>100ച.മീ.=<br>1.44X<br>420.63=<br>605.70 kg<br>=.6057ടൺ<br>vg-30<br>.98 kg /<br>100ച.മീ. =<br>.98X 420.63= 412.21 kg<br>=.41221ടൺ | .31547 X50600<br>X1.381<br>=22045<br>.6057<br>X41000<br>X1.381<br>=34295<br>.41221<br>X41000<br>X1.381<br>=23340 | .31547 x26684<br>(25413+5%tax)<br>=8418<br>.6057<br>X27254<br>(26213<br>X5%tax)<br>=16508<br>.<br>.41221<br>X27254<br>(26213<br>X5%tax)<br>=11234 | 13627<br>17787<br>12106 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 10 | എസ്.ഓ.98/16 കുറ്റം കണ്ടി പള്ളി നമ്പിടിക്കണ്ടി റോഡ് ടാറിങ്ങ്-അടങ്കൽ-400000 കൺവീനർ ടി.കെ. പ്രഭാകരൻ<br>കരാർ-58/15-16/17-09-15<br>ബിൽ നം-68/<br>15-16 /400000<br>തീയതി: 11-03-16<br>TS-AEE/PBP/324/ 15-16/20-1-16 | 5<br>6<br>17 | എം-ബുക്ക്-60/15-16<br>ടാക്ക്കോട്ട് 669.40ച.മീ.<br>.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>669.40ച.മീ.<br>സീൽകോട്ട് 669.40ച.മീ. | vg-10<br>.75 kg /<br>100ച.മീ. = .75X669.40 = 502.05kg=<br>.50205<br>ടൺ<br>vg-30<br>1.44 kg /<br>100ച.മീ.=<br>1.44X<br>669.40=<br>963.93 kg<br>=.96393ടൺ<br>vg-30<br>.98 kg /<br>100ച.മീ. =<br>.98X 669.40= 656.01 kg<br>=.65601ടൺ | .50205 X50600<br>X1.381<br>=35082<br>.96393<br>X41000<br>X1.381<br>=54578<br>.65601<br>X41000<br>X1.381<br>=37143 | .50205 x32004<br>(30480+5%tax)<br>=16067<br>.96393<br>X32844<br>(31280<br>X5%tax)<br>=31660<br>.<br>.65601<br>X32844<br>(31280<br>X5%tax)<br>=21545 | 19015<br>22918<br>15598 |
| 11 | എസ്.ഓ.88/16 ചെർപ്പള്ളേരി താഴെ പയ്യണ്ടേരി താഴെ റോഡ് ടാറിങ്ങ്-അടങ്കൽ-400000 കൺവീനർ -രവി<br>കരാർ-56/15-16/7-09-15<br>ബിൽ നം-100/<br>15-16 /380000<br>തീയതി: 31-03-16<br>TS-AEE/PBP/292/ 15-16/30-12-15 | 7<br>8<br>9 | എം-ബുക്ക്-9/15-16<br>ടാക്ക്കോട്ട് 369.30ച.മീ.<br>.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>735.30ച.മീ.<br>സീൽകോട്ട് 735.30ച.മീ. | vg-10<br>.75 kg /<br>100ച.മീ. = .75X369.30 =276.97kg=.27697<br>ടൺ<br>vg-30<br>1.44 kg /<br>100ച.മീ.=<br>1.44X<br>735.30=<br>10588 kg<br>=1.0588ടൺ<br>vg-30<br>.98 kg /<br>100ച.മീ. =<br>.98X 735.30= 720.59 kg<br>=.72059ടൺ | .27697 X50600<br>X1.381<br>=19354<br>1.0588<br>X41000<br>X1.381<br>=59950<br>.72059<br>X41000<br>X1.381<br>=40800 | .27697 x34860<br>(33200+5%tax)<br>=9655<br>1.0588<br>X35700<br>(34000<br>X5%tax)<br>=37799<br>.<br>.72059<br>X35700<br>(34000<br>X5%tax)<br>=25725 | 9699<br>22151<br>15075 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 12 | എസ്.ഓ./154 കന്നമ്മൽ എ. എൽ.പി സ്കൂൾ റോഡ് ടാറിങ്ങ്-അടങ്കൽ-303030 കൺവീനർ -ഗീത<br>കരാർ-61/15-16/17-09-15<br>ബിൽ നം-107/<br>15-16 /245000<br>തീയതി: 31-03-16<br>TS-AEE/PBP/36/15-16 /27-02-16 | 5<br>6<br>7 | എം-ബുക്ക്-16/15-16<br>ടാക്ക്കോട്ട് 494.28ച.മീ.<br>.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>494.28ച.മീ.<br>സീൽകോട്ട് 494.28ച.മീ. | vg-10<br>.75 kg /<br>100ച.മീ. = .75X494.28 =370.71kg=.37071<br>ടൺ<br>vg-30<br>1.44 kg /<br>100ച.മീ.=<br>1.44X494.28=711.76 kg<br>=.71176ടൺ<br>vg-30<br>.98 kg /<br>100ച.മീ. =<br>.98X494.28 484.39 kg<br>=.48439ടൺ | .37071 X50600<br>X1.381<br>=25905<br>.71176<br>X41000<br>X1.381<br>=40300<br>.48439<br>X41000<br>X1.381<br>=27427 | .37071 x32004<br>(30480+5%tax)<br>=11864<br>.71176<br>X32844<br>(31280<br>X5%tax)<br>=23377<br>.<br>.48439<br>X32844<br>(31280<br>X5%tax)<br>=15909 | 14041<br>16923<br>11518 |
| 13 | എസ്.ഓ.100/16- കീഴലത്ത് പി.എച്ച് സി റോഡ് ടാറിങ്ങ്-അടങ്കൽ-425000<br>കൺവീനർ.രാജൻ നായർ<br>കരാർ-32/15-16/14-08-15<br>ബിൽ നം-74/<br>15-16 /425000<br>തീയതി: 17-03-16<br>TS-AEE/PBP/329/ 15-16/20-1/16 | 5<br>6<br>7 | എം-ബുക്ക്-58/15-16<br>ടാക്ക്കോട്ട് 714.85ച.മീ.<br>.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>714.85ച.മീ.<br>സീൽകോട്ട് 714.85ച.മീ. | vg-10<br>.75 kg /<br>100ച.മീ. =. .75X714.85 536.13kg=...53613ടൺ<br>vg-30<br>1.44 kg /<br>100ച.മീ.=<br>1.44X714.85=1029.38 kg<br>=.1.029ടൺ<br>vg-30<br>.98 kg /<br>100ച.മീ. =<br>.98X714.85<br>=700.55kg<br>=.70055ടൺ | .53613 X50600<br>X1.381<br>=37464<br>1.029<br>X41000<br>X1.381<br>=58263<br>.70055<br>X41000<br>X1.381<br>=39668 | .53613 x36446<br>(34710+5%tax)<br>=19540<br>1.029<br>X37286<br>(35510<br>X5%tax)<br>=38367<br>.70055<br>X37286<br>(35510<br>X5%tax)<br>=26121 | 17924<br>19896<br>13547 |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | എസ്.ഓ.153/16-സദാം റോഡ് റീ ടാറിങ്ങ്<br>അടങ്കൽ-498000<br>കൺവീനർ.മുഹമ്മദ് കായലൊടി<br>കരാർ-14/15-16/29-07-15<br>ബിൽ നം-11/<br>15-16 /100000<br>ബിൽ നം-57<br>15-16 /100000<br>തീയതി: 30-03-16<br>TS-AEE/PBP/27/<br>15-16/30-1-16 | 5<br>6<br>7 | എം-ബുക്ക്-13/15-16<br>ടാക്ക്കോട്ട് 511ച.മീ.<br>.<br>പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്<br>511ച.മീ.<br>സീൽകോട്ട് 511ച.മീ. | vg-10<br>.75 kg /<br>100ച.മീ. =. .75X511 383.25kg=..38325ടൺ<br>vg-30<br>1.44 kg /<br>100ച.മീ.=<br>1.44X511=<br>735.84 kg<br>=.73584ടൺ<br>vg-30<br>.98 kg /<br>100ച.മീ. =<br>.98X511<br>=500.78kg<br>=.50078ടൺ | .38325 X50600<br>X1.381<br>=26781<br>.73584<br>X41000<br>X1.381<br>=41664<br>.50078<br>X41000<br>X1.381<br>=28355 | .38325 x36215<br>(34490+5%tax)<br>=13879<br>.73584<br>X37055<br>(35290<br>X5%tax)<br>=27267<br>.50078<br>X37055<br>(35290<br>X5%tax)<br>=18556 | 12902<br>14397<br>9799 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (1/15-16)മറുപടി ലഭ്യമാക്കിയിട്ടില്ല. ടാറിനായി അധികം ചെലവഴിച്ച 6,74,653 രൂപ പ്രവർത്തി കൺവീനർമാരിനിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## **3-2** <u>കരാറിൽ ഏർപ്പെടാതെ ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് അഡ്വാൻസ് നൽകി , പ്രവർത്തി പൂർത്തിയായില്ല</u>

സ.ഉ.(എം.എസ്) 362/2013/ത.സ്വ.ഭ.വ/ 16-11-2013 നമ്പർ പ്രകാരമുള്ള മാർഗ്ഗരേഖ ഖണ്ഡിക 11-13 (Xi) പ്രകാരം കേരള വാട്ടർ അതോറിറ്റി, ((KWA) കേരള സ്റ്റേറ്റ് ഇലക്ട്രിസ്റ്റി ബോർഡ്, (KSEB) എന്നീ സ്ഥാപനങ്ങൾക്ക് നിർമ്മാണ പ്രവർത്തികൾക്കായി മുൻകൂർ നൽകുമ്പോൾ അവരുമായി തദ്ദേശസ്വയംഭരണ സ്ഥാപനം കരാറിൽ ഏർപ്പെട്ടതിനു ശേഷമേ മുൻകൂർ തുക നല്കാൻ പാടുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ മേൽ നിർദ്ദേശം പാലിക്കാതെയാണ് തുക നൽകിയിട്ടുള്ളത്.

| പ്രൊജക്ടിന് വിശദാംശങ്ങൾ | ചെലവ് തുക | റിമാർക്സ് |
|---|---|---|
| എസ്.ഒ.259/16 പുതുക്കടി മീത്തൽ കൾവർട്ട്<br>അടങ്കൽ-605000<br>ബിൽനം.78/15-16 /13-03-16(എസ്.സി.പി) | 6,01,910 | വികേന്ദ്രീകരണ ആസൂത്രണ സമിതിയുടെ 25-2-16 ലെ 3-44 നമ്പർ തീരുമാനപ്രകാരം കരാറടിസ്ഥാനത്തിൽ മാത്രമേ ഇറിഗേഷൻ വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യാവൂ എന്ന് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്. ഡിഎ 2/103/16 LSGD/2-3-16 കത്തിലും ഈ നിർദ്ദേശമുണ്ട് .പദ്ധതി പൂർത്തീകരിച്ച വിവരം , വിനിയോഗവിവരം എന്നിവ ലഭിച്ചിട്ടില്ല |
| എസ്.ഒ.259/16- അമ്പബേദ്ക്കർ കോളനി കുടിവെള്ള പദ്ധതി<br>അടങ്കൽ - 1950000<br>ബിൽ നം.91/15-16/31-03-16<br>(എസ്.സി.പി) | 1950000 | പദ്ധതി പൂർത്തീകരിച്ച വിവരം , വിനിയോഗവിവരം എന്നിവ ലഭിച്ചിട്ടില്ല |

ആകെ – 25,51,910

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/15-16)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 25,51,910 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 കോൺക്രീറ്റ് പ്രവർത്തിക്ക് അധിക കനം നൽകി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പ്രൊജക്ട് നം- എസ്.ഒ.135 / 2015-16

ചാത്തോത്ത് കണ്ടി മാണിക്കോത്ത് ക്ഷേത്രം റോഡ്

അടങ്കൽ- 300000 രൂപ (എസ്. സി. പി )

ചെലവ്- 300000 രൂപ ബിൽ നം15/2015-16/21-08-2015

എം. ബുക്ക് 42/15-16

ഗുണഭോക്തൃ സമിതി കൺവീനർ- ശ്രീ.അശോകൻ

ചീഫ് എഞ്ചിനീയറുടെ 28-09-2015 ലെ ബി 4-9099/2015/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിലും 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് പരമാവധി 7.5cm കനത്തിലും ആണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവർത്തിയിൽ 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിൽ ചെയ്തിട്ടുള്ളതിനാൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. മേൽ പ്രവർത്തിയ്ക്ക് അർഹതയുള്ള നിരക്ക് ചുവടെ കൊടുക്കുന്നു.

| എം. ബുക്ക് പേജ് | നീളം | വീതി | കനം | ഏരിയ |
|---|---|---|---|---|
| 5 | 3 | (3.10+2.90)/2 | .075 | .68 |
| | 10 | (2.90.+2.90)/2 | .075 | 2.18 |
| | .10 | (2.90+3.60)/2 | .075 | .024 |
| | 1.90 | (3.60+3.60)/2 | .075 | .054 |
| | .20 | (3.60+2.60)/2 | .075 | .05 |
| | 9.80 | (2.60+2.80)/2 | .075 | 1.98 |
| 6 | 5 | (2.80+2.80)/2 | .075 | 1.05 |
| | 4.60 | (2.80+2.75)/2 | .075 | .96 |
| | 14.70 | (2.75+2.80)/2 | .075 | 3.06 |
| | 7.40 | (2.80+3.70)/2 | .075 | 1.81 |
| | 1.40 | (3.70+4.10)/2 | .075 | 0.41 |
| | 9.10 | (4.10+3.40)/2 | .075 | 2.56 |
| | 7.80 | (3.40+2.70)/2 | .075 | 1.78 |
| ആകെ | | | | 16.72 എം3 |

| | |
|---|---|
| അർഹതയുള്ള തുക 16.72 എം3 X 6582.02/ എം3 | 110051 |
| അനുവദിച്ച തുക 22.72 എം3 X 6582.02/ എം3 (എം. ബുക്ക് പേജ് 8) | 149543 |

അധികം ചെലവഴിച്ച തുക 39492(149543-110051)

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/15-16)മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തിയ്ക്കായി അധികം ചെലവഴിച്ച തുക 39492(149543-110051) രൂപ പ്രവർത്തി കൺവീനറിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-4 സർക്കാർ സ്കൂളിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം- എസ്.ഒ.4/ 2015-16 അടങ്കൽ- 90000 രൂപ (MGNR)

ചെലവ്- 90000 /- ബിൽ നം.9/2015-16/31-01-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ

സർക്കാർ സ്കൂളുകളിലേക്ക് 3 കമ്പ്യൂട്ടറുകൾ 1 പ്രിന്റർ 1 യു.പി.എസ് എന്നിവ സർക്കാർ ഏജൻസിയായ കെൽട്രോണിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോർ പർച്ചേസ് ചട്ടം പാലിച്ചില്ല.

കേരള സ്റ്റോർ പർച്ചേസ് മാനവൽ ഖണ്ഡിക 9-24 പ്രകാരം ടെണ്ടർ നടപടികളില്ലാതെ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾ തന്നെ ഉത്പ്പാദിപ്പിച്ചതാണെന്ന് പർച്ചേസിങ്ങ് ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്. ഈ പദ്ധതിയിൽ Acer ന്റെ കമ്പ്യൂട്ടറാണ് കെൽട്രോൺ നൽകിയിട്ടുള്ളത്. മറ്റ് കമ്പനികൾ നിർമിച്ച കമ്പ്യൂട്ടറുകൾ ടെണ്ടർ നടപടികളില്ലാതെയാണ് കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുള്ളത്.

2) കമ്പ്യൂട്ടറിന് വില നൽകിയതിലെ അപാകത

ജി.ഒ (പി)01/2006/എസ്.പി.ഡി/02-02-2006 നമ്പർ ഉത്തരവ് പ്രകാരംതദ്ദേശ ഭരണ സ്ഥാപനങ്ങൾ ടെണ്ടർ നടപടികളില്ലാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ /അസംബിൾ ചെയ്യാത്തവ വാങ്ങുമ്പോൾ ഓർഡർ തുകയുടെ പകുതി മാത്രമേ നൽകാൻ പാടുള്ളൂ. ഓർഡർ തുകയുടെ 50%ത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കണം. കൂടാതെ സ്റ്റോർ പർച്ചേസ് നിയമപ്രകാരം സാധനവിലയുടെ കമ്പോളവിലയുമായുള്ള യുക്തിഭദ്രത പർച്ചേസിങ്ങ് ഓഫീസർ പരിശോധിച്ചിട്ടില്ല. സർക്കാർ ഉത്തരവിനനുസരിച്ചല്ലാതെയാണ് പർച്ചേസ് നടത്തിയിട്ടുള്ളത്.

3) കമ്പ്യൂട്ടറിന്റെ സ്പെസിഫിക്കേഷൻ നിർണ്ണയിച്ചിട്ടില്ല

കമ്പ്യൂട്ടറുകൾ വാങ്ങുമ്പോൾ IT@സ്കൂൾ നിശ്ചയിക്കുന്ന സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകളാണോ വാങ്ങിയിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.
അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/15-16) ലഭ്യമാക്കിയ മറുപടിയിൽ അപാകത ആവർത്തിക്കില്ലെന്ന് അറിയിച്ചിട്ടിട്ടുണ്ട്. വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## 3-5 സാനിട്ടറി ഉപകരണങ്ങൾ വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പഞ്ചായത്തിലെ സ്കൂളുകളിലേക്ക് താഴെക്കാണിച്ച പ്രകാരം സാനിട്ടറി ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| പ്രൊജക്റ്റ് വിശദാംശങ്ങൾ | ബിൽ നമ്പർ തിയ്യതി | തുക |
|---|---|---|
| എസ്.ഒ.6 /16-എയ്ഡഡ് സ്കൂളുകളിലേക്ക് സാനിട്ടറി സാധനങ്ങൾ വാങ്ങൽ | 3/15-16/19-10-15 | 19975 |
| എസ്.ഒ. 7/16-സർക്കാർ സ്കൂളുകളിലേക്ക് സാനിട്ടറി സാധനങ്ങൾ വാങ്ങൽ | 4/15-16/19-10-15 | 24970 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രൊജക്ടിൽ സാനിട്ടറി സാധനങ്ങൾ ക്വട്ടേഷൻ പ്രകാരം ' ലോയൽ സൂപ്പർ മാർക്കറ്റ് അത്തോളി' എന്ന സ്ഥാപനത്തിൽ നിന്നാണ്. സ്ഥാപനം സമർപ്പിച്ചിട്ടുള്ള ബിൽ ക്രമ പ്രകാരമുള്ളതല്ല. (form-8B). വാറ്റ് റജിസ്ട്രേഷൻ ഉള്ള സ്ഥാപനമാണോ എന്ന് വ്യക്തമല്ല.

2)പദ്ധതി പ്രകാരം കൊട്ടേഷൻ / ടെണ്ടർ കൂടാതെ വാങ്ങുന്ന സ്ഥാപനങ്ങളിൽ നിന്നായിരുന്നു വാങ്ങേണ്ടിയിരുന്നത്. ഇവിടെ പ്രൊജക്റ്റ് നിർദ്ദേശ പ്രകാരമല്ല സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/15-16) ലഭ്യമാക്കിയ മറുപടിയിൽ അപാകത ആവർത്തിക്കില്ലെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-6 ഗുണഭോക്തൃ സമിതികൾ പ്രവർത്തി നടപ്പിലാക്കുന്നതിലെ അപാകതകൾ

2015-16 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളിലധികവും ഗുണഭോക്തൃ സമിതികൾ വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. അപാകതകൾ ചുവടെ ചേർക്കുന്നു

1)ക്രമ പ്രകാരമുള്ള ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

ഗുണഭോക്തൃ കമ്മിറ്റി നിർവ്വഹണ ചുമതലയേറ്റെടുത്ത റോഡ് പ്രവൃത്തികളിൽ സിമന്റ്, ബിറ്റുമിൻ മുതലായ സാധനങ്ങൾ വാങ്ങിയതിന് സ്ഥാപനം നൽകിയ ബില്ലുകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല.സാധനങ്ങൾ എവിടെ നിന്ന് വാങ്ങി, ബിറ്റുമിൻ ഏത് ഗ്രേഡിലുള്ളതാണ്, നികുതി അടവാക്കിയതിന്റെ വിവരം , വാങ്ങിയ സാധനത്തിന്റെ വില എന്നിവ വ്യക്തമല്ല.

2)പണമിടപാടുകൾ സംയുക്ത ബാങ്ക് അക്കൗണ്ട് വഴി നടത്തണം എന്ന നിബന്ധന പാലിച്ചിട്ടില്ല

3) മസ്റ്റർ റോളുകളിൻ തൊഴിലാളികൾ തിയ്യതി വെച്ച് ഒപ്പിടണമെന്ന വ്യവസ്ഥയും മസ്റ്റർറോളിന്റെ അവസാനഭാഗത്ത് കൺവീനറും ചെയർമാനും തിയ്യതി വെച്ച് ഒപ്പിടണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല

4) വരവ് ചെലവ് കണക്കുകൾ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച മാതൃകയിൽ സൂക്ഷിച്ചിട്ടില്ല.

ചെറിയ നോട്ടു പുസ്തകത്തിൽ യാതൊരു ആധികാരികതയും ഇല്ലാതെയാണ് വരവ് ചെലവ് കണക്കുകൾ സൂക്ഷിച്ചിട്ടുള്ളത്.

5) അളവ് പുസ്തകത്തിൽ അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേര് രേഖപ്പെടുത്തിയിട്ടില്ല.

6) പ്രവർത്തികളുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

7) പ്രൊജക്റ്റ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/15-16)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 ഐ.ആർ.സി സ്പെസിഫിക്കേഷന് വിരുദ്ധമായി റോഡ് കോൺക്രീറ്റ് പ്രവർത്തികൾ നടത്തുന്നു

ചീഫ് എഞ്ചിനീയറുടെ 16.10.2012 ലെ ഡി.ബി 4-7462/2012/സി.ഇ ത.സ്വ.ഭ.വ നമ്പർ കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള റോഡ് പ്രവൃത്തികൾക്ക് ഐ.ആർ.സി സ്പെസിഫിക്കേഷൻ നിർദ്ദേശിക്കുന്നു. ഐ.ആർ.സി. സ്പെസിഫിക്കേഷനിലെ താഴെ പറയുന്ന നിബന്ധനകൾ പാലിക്കാതെയാണ് കോൺക്രീറ്റ് പ്രവർത്തികൾ നടത്തിയിട്ടുള്ളത്.

1)ഡ്രൈറബിൾ പാകിയതിനു മുകളിലായി കോൺക്രീറ്റ് ചെയ്യുന്നു.

DR പേവിംഗിനു മുകളിൽ കോൺക്രീറ്റ് ചെയ്യുന്നതിന് ഐ.ആർ.സി സ്പെസിഫിക്കേഷൻ പ്രകാരം വ്യവസ്ഥയില്ല. ഡ്രൈറബിൾ പാക്കിംഗിൽ വോയിഡ്സ് പൂർണ്ണമായും പാക്ക് ചെയ്യുന്നത് ബുദ്ധിമുട്ടായതിനാൽ വാഹനങ്ങൾ കയറി പോകുമ്പോൾ പാക്കിംഗ് ഇളകാനും തന്മൂലം അതിന് മുകളിൽ ചെയ്തിട്ടുള്ള കോൺക്രീറ്റ് പൊട്ടിപ്പോകുന്നതിനും ഇടയാകുന്നു. മേൽ ഉത്തരവിൽ ഡ്രൈറബിൾ പാക്കിംഗിന് മുകളിൽ കോൺക്രീറ്റിംഗ് പാടില്ലെന്ന് നിഷ്കർഷിക്കുന്നു.

2)ഗ്രേഡ് ചെയ്യാത്ത ക്വറിപ്പൊടി ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യുന്നു.

ഗ്രേഡ് ചെയ്യാത്ത ക്വാറിപ്പൊടി സബ് ബേസ് ആയി ഉപയഗിച്ച് അതിനുമുകളിൻ

1 : 4 : 8 , 1 : 2 : 4 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവർത്തി IRC സ്പെസിഫിക്കേഷന് വിരുദ്ധമാണ്. മേൽ ഉത്തരവിൽ ഇതു വ്യക്തമാക്കുന്നുണ്ട്. ക്വാറി പ്പൊടി ഗ്രാനുലാർ സബ് ബേസ് ആയിട്ട് ഉപയോഗിക്കുമ്പോൾ ഗ്രേഡ് ചെയ്തിരിക്കണം

.

3)മണ്ണിന് പകരം ക്വാറിപ്പൊടി ഉപയോഗിക്കുന്നത് അധികചെലവിനിടയാക്കുന്നു.

4) കോൺക്രീറ്റ് പ്രവർത്തിയ്ക്ക് ഗ്രാമീണ റോഡുകളിൽ അനുവാദമില്ല

സംസ്ഥാന പാതകളിൽ വാഹന ബാഹുല്യം അടിസ്ഥാനമാക്കി പരിമിതമായി ഉപയോഗിക്കാൻ അനുവാദമുള്ള കോൺക്രീറ്റ് പ്രവർത്തി ഗ്രാമീണ റോഡുകളിൽ ചെയ്യുന്നത് അംഗീകരിക്കാനാവില്ല.

തൻവർഷം നടത്തിയ റോഡ് കോൺക്രീറ്റ് പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രവർത്തിയുടെ വിശദാംശങ്ങൾ | ചെലവ് തുക, ബിൽ നമ്പർ, തിയ്യതി |
|---|---|
| എസ്.ഒ.119/16 അംബേദ്ക്കർ കോളനി റോഡ്, അടങ്കൽ-300000 (scp)<br>കരാർ- 39/15-16 / 14-8-15കൺവീനർ- ഗോപാലൻ.പി.കെ എം.ബുക്ക് -49/15-16<br>TS-AEE/PBP/246/15-16/1-10-15 | 2,25,000<br>83/15-16/ 31.3.16 |
| എസ്.ഓ 135/16- ചാത്തോത്ത് കണ്ടി മാണിക്കോത്ത് ക്ഷേത്രം റോഡ് അടങ്കൽ-300000 (scp) എം.ബുക്ക് -42/15-16<br>കരാർ- 8/15-16 / 13-7-15<br>കൺവീനർ- അശോകൻ.പി.കെ<br>TS-AEE/PBP/10/15-16/27-6-15 | 3,00,000<br>15/15-16/ 31.3.16 |

| | |
|---|---|
| ആകെ | 5,25,000 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/15-16)മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവഴിച്ച 525000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 ഭാഗികമായി പ്രവർത്തികൾ നടപ്പിലാക്കുന്നു, മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പുതിയ റോഡുകൾ നിർമ്മിക്കുന്നു

1)റോഡു പ്രവർത്തികൾ പൂർണ്ണമായി ഏറ്റെടുക്കാതെ സോളിങ്ങ് പ്രവർത്തി വരെ മാത്രം ഏറ്റെടുക്കുന്നത് പഞ്ചായത്തിന് അധികചെലവിനിടയാക്കുന്നു. ടാറിങ്ങ് കൂടാതെ മെറ്റലിംഗ്, സോളിങ്ങ് മാത്രം നടത്തിയ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവ് തുക |
|---|---|
| എസ്.ഒ. 211/16- വട്ടോളിത്താഴം റോഡ് സോളിങ്ങ് | 200000 |
| എസ്.ഒ. 84/16- എസ്. എച്ച് കണ്ടം പറമ്പത്ത് റോഡ് | 200000 |
| എസ്.ഒ. 85/16- എസ്.എച്ച് ചാലിൽ റോഡ് സോളിങ്ങ് | 199168 |
| എസ്.ഒ. 112/16- കോട്ടവറ്റ കുന്ന് റോഡ് | 190000 |
| എസ്.ഒ. 55/16- കൊടക്കല്ല് കുടിവെച്ച കണ്ടി റോഡ് | 37999 |
| എസ്.ഒ 69 /16- പോലീസ് സ്റ്റേഷൻ ചാക്കോത്ത് കണ്ടി റോഡ് | 230000 |
| എസ്.ഒ. 77/16- കോളിയോട്ട് മീത്തൽ വാഴക്കാങ്ങിൽ റോഡ് | 300000 |
| എസ്.ഒ. 81/16-ചെറിയേരി പറമ്പത്ത് റോഡ് സോളിങ്ങ് | 200000 |
| എസ്.ഒ. 83/16-നെച്ചോളി പൊയിൽ പറയര് കണ്ടി റോഡ് | 275000 |
| എസ്.ഒ. 86/16- കീഴലത്ത് പി.എച്ച്.സി റോഡ് സോളിങ്ങ് | 198156 |

2)ജി.ഒ(എം.എസ്) 330/2004 തസ്വഭവ തീ. 09/12/2004 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ, സർക്കുലർ നമ്പർ 68228/എഫ്.എം.1/2012 തസ്വഭവ തീ.28 /11/2012 എന്നിവ പ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപണിയാണ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റ് വർഷം മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ മെറ്റലിംഗ്, ടാറിംഗ് പ്രവ്യത്തികൾക്കുപയോഗിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊജക്ട് | ചെലവ് തുക |
|---|---|
| എസ്.ഒ. 89/16- കോതങ്കൽ കുറുവാളൂർ റോഡ് ടാറിങ്ങ് | 400000 |
| എസ്.ഒ. 100/16- കീഴലത്ത് പി. എച്ച്.സി റോഡ് ടാറിങ്ങ് | 425000 |
| എസ്.ഒ. 110/16- പുളിക്കൂൾ റോഡ് ടാറിങ്ങ് | 330000 |
| എസ്.ഒ.102/16- തോട്ടത്തിൽ അമ്പലം റോഡ് ടാറിങ്ങ് | 187600 |
| എസ്.ഒ.98/16-കുറ്റ്യംകണ്ടി പറമ്പ് നമ്പിടിക്കണ്ടി റോഡ് ടാറിങ്ങ് | 400000 |
| എസ്.ഒ 95 /16- നട്ടുവിലയിൽ റോഡ് ടാറിങ്ങ് | 420000 |
| എസ്.ഒ.90/16- കണ്ണിപ്പൊയിൽ കവലായിത്താഴെറോഡ് ടാറിങ്ങ് | 287500 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഒഡിറ്റ് എൻക്വയറിയ്ക്ക് (28/15-16) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-9 അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല.

2015-16 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ ഫണ്ടിന്റെ അപര്യാപ്തത മൂലം നാല് പ്രോജക്ടുകളെ നടപ്പാക്കിയിട്ടുള്ളു. നിർബന്ധമായും ചെയ്യിരിക്കേണ്ട അനുപൂരക പോഷകാഹാര പരിപാടി,ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്, അങ്കണവാടി പ്രവർത്തകർക്ക് അധികവേതനം എന്നിവയും കൂടാതെ അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻനൽകുന്നവയുമാണത്. പഞ്ചായത്തിലുള്ള 31 അങ്കണവാടികളിൽ ഭൂരിപക്ഷത്തിനും അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് വളരെ അധികം ഉണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിവരങ്ങൾ | എണ്ണം |
|---|---|---|
| 1 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവ | 2 |
| 2 | വൈദ്യുതീകരണം ചെയ്യാത്തവ | 10 |

| | | |
|---|---|---|
| 3 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 6 |
| 4 | സ്വന്തമായി സ്ഥലം ഇല്ലാത്തവ | 5 |
| 5 | കോമ്പൗണ്ട് വാൾ ഇല്ലാത്തവ | 10 |
| 6 | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഇല്ലാത്തവ | 30 |
| 7 | കുടിവെള്ള സൗകര്യം ഇല്ലാത്തവ | 14 |

അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് ഇത്രയധികം ആവശ്യങ്ങളുണ്ടായിട്ടും ആയതിന് ഫണ്ട് നീക്കിവെക്കാതെ പൊതുമരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 93,15,751/- രൂപ പ്രസ്തുത വർഷം ചെലവഴിച്ചിട്ടില്ല.അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. വളരെ അത്യാവശ്യമായ കുടിവെള്ള സൗകര്യം പഞ്ചായത്തിന് കീഴിലുള്ള 14 അങ്കണവാടികളിലും ഇല്ലാത്ത സാഹചര്യത്തിലാണ് പ്രസ്തുത വർഷം വകയിരുത്തിയ 93,15,751/- രൂപ ചെലവഴിക്കാതെ പോയത്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-10 ആശ്രയ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച

ആശ്രയ പദ്ധതിയുടെ ആദ്യ പ്രോജക്ട് 2013-14 വർഷത്തിൽ പുതുക്കിയതിൽ 58 ഗുണഭോക്താക്കൾക്ക് തുടർസേവനം ആവശ്യമായിട്ടുണ്ട്. കൂടാതെ പുതിയ പ്രോജക്റ്റിന് ഇനിയും അംഗീകാരം ലഭിച്ചിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൽ ആവശ്യമുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഫസ്റ്റ് പ്രോജക്റ്റ് | സെക്കന്റ് പ്രോജക്റ്റ് |
|---|---|---|
| പ്രോജക്റ്റ് പ്രകാരം ആകെ ഗുണഭോക്താക്കൾ | 58 | 17 |
| പ്രോജക്റ്റ് പ്രകാരം വീടു വെക്കാൻ സ്ഥലം ആവശ്യമുള്ളവർ | 9 | |
| നാളിതുവരെ ലഭിച്ചവർ | 7 | |
| പ്രോജക്റ്റ് പ്രകാരം വീട് ആവശ്യമുള്ളവർ | 25 | 10 |
| നാളിതുവരെ ലഭിച്ചവർ | 20 | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 21 | 1 |
| നാളിതുവരെ ലഭിച്ചവർ | 12 | |
| കക്കൂസ് ആവശ്യമുള്ളവർ | 19 | |
| നാളിതുവരെ ലഭിച്ചവർ | 16 | |
| കുടിവെള്ളം ആവശ്യമുള്ളവർ | 25 | 5 |
| നാളിതുവരെ ലഭിച്ചവർ | 22 | - |
| കറന്റ് ആവശ്യമുള്ളവർ | 1 | - |
| നാളിതുവരെ ലഭിച്ചവർ | 0 | - |

സർക്കാർ ഉത്തരവ് നമ്പർ 362/2013 തീയതി.16.11.2013 അനുബന്ധം 14 ഖണ്ഡിക 6.8(1)(2)പ്രകാരം എല്ലാ അഗതി കുടുംബങ്ങൾക്കും വീട് ലഭ്യമാക്കിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ.ആശ്രയ പദ്ധതി പ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് വീടിന് സ്ഥലം നൽകൽ, വനനിർമ്മാണം, പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, വൈദ്യുതീകരണം എന്നിവ അനുവദിക്കേണ്ടതാണ്, ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-11 പൈക്ക ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചില്ല.

ഗ്രാമങ്ങളിലെ യുവാക്കൾക്ക് കായിക പരിശീലനം നൽകി ഒരു കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള കേന്ദ്ര സഹായ പദ്ധതിയാണ് പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ(പൈക്ക) എന്ന പദ്ധതി.

ഈ പദ്ധതിയുടെ നടത്തിപ്പിനായി 2010-11 ൽ അത്തോളി ഗ്രാമ പഞ്ചായത്തിന് താഴെ പറയും പ്രകാരം ഗ്രാന്റ് അനുവദിച്ച കിട്ടിയിട്ടുണ്ട്.

| ക്രമ നം | ഗ്രാന്റ് ഉപയോഗം | ലഭിച്ചത് | ചെലവഴിച്ചത് |
|---|---|---|---|
| 1 | One time capital grant<br>(പരിശീലനത്തിനായി അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്) | 50,000/-<br>3,92,000/- | 39,000/-<br>(ഫുട്ബോൾ,വോളിബോൾ പോസ്റ്റ് നിർമ്മാണം)<br>12,000/- |
| | One time capital grant<br>(പരിശീലനത്തിനായി അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് | | 2,14,484/-<br>(സ്വിമ്മിംഗ് പരിശീലനത്തിനായി കുനിയിൽ കുളം നവീകരണം) |
| 2 | Annual Acquisition grant<br>(കളിയുപകരണങ്ങൾ വാങ്ങുന്നതിന്) | 5,000/- | 5,000/- |
| 3 | Annual operational grant<br>(വാർഷിക ചെലവുകൾക്ക്) | 6000/- | |

ആകെ 4,53,500/- രൂപ ലഭിച്ചതിൽ 2,70,484/- രൂപ ചെലവഴിച്ചു. ഇപ്പോൾ എസ് ബി ടി യുടെ അത്തോളി ശാഖയിലുള്ള പൈക്ക ആവശ്യത്തിലേക്കായുള്ള പഞ്ചായത്തിന്റെ അക്കൗണ്ടിൽ 2,64,685/- രൂപയുണ്ട്.(as on 25.09.2016)ഈ അക്കൗണ്ടിൽ അവസാന ഇടപാട് നടന്നത് 07.03.2013 നാണ്.

നീന്തൽകുളത്തിന്റെ രണ്ടാം ഘട്ട നവീകരണത്തിനായി പഞ്ചായത്ത് 19.11.2012 ന് തീരുമാനമെടുത്തിരുന്നെങ്കിലും പിന്നീട് നടപടികളൊന്നും സ്വീകരിച്ചു കാണുന്നില്ല. ഈ സാഹചര്യത്തിൽ രണ്ടാം ഘട്ട നവീകരണത്തിന്റെ വിശദീകരണങ്ങളാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.

25.04.2011 ലെ KDSC/PYKKA/2011 നമ്പർ 2011 മെയ് 10 ന് മുമ്പായി ലഭിച്ച തുകക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റും കണക്കും നൽകാത്ത പക്ഷം 10% പലിശയോടുകൂടി തിരിച്ചടക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ആയതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിൽ വന്ന വീഴ്ച വ്യക്തമാക്കേണ്ടതാണ്.

## 3-12 അഴയിൽ മീത്തൽ കുടിവെള്ള പദ്ധതി- പമ്പ് സെറ്റ് മാറ്റിവെക്കേണ്ട ആവശ്യകത വ്യക്തമല്ല

പ്രൊജക്ട്- അഴയിൽ മീത്തൽ കുടിവെള്ള പദ്ധതി

നം- 148/16

അടങ്കൽ- 66,700 രൂപ (വികസന ഫണ്ട്- 9600; ധനകാര്യകമ്മീഷൻ ഗ്രാന്റ്- 57100)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ചെലവ്- 41,542 രൂപ (ബിൽ നം. 17/15-16 തി. 10.02.2016)

9600 രൂപ (ബിൽ നം. 18/15-16 തി. 10.02.2016)

അഴയിൽ മീത്തൽ കുടിവെള്ള പദ്ധതിക്ക് പമ്പ്സെറ്റ് മാറ്റിവെക്കാനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിനായി മേൽപറഞ്ഞ ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. പമ്പ്സെറ്റ് വീണ്ടും ഉപയോഗിക്കാൻ പറ്റാതെ കേടായത് സംബന്ധിച്ച വിവരം ലഭ്യമല്ല. കൂടാതെ മാറ്റിവെച്ച പമ്പ്സെറ്റ് സ്റ്റോക്കിലെടുത്തില്ല. അതിന് വാല്വേഷൻ നടത്തിയിട്ടില്ല.

കൂടാതെ പദ്ധതിക്ക് വൈദ്യുതി ഉണ്ടായിരുന്നെന്നും, നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നു സംബന്ധിച്ചും മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ചെലവ് തുകയായ 51142രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-13 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- തുക തടസ്സത്തിൽ വെക്കുന്നു.

താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ :-

| ക്രമ നം. | പ്രൊജക്ട്- പേര്, നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക | കുറിപ്പുകൾ |
|---|---|---|---|---|
| 1 | ഐ എ വൈ ഭവനനിർമ്മാണം (എസ് സി) 128/16; 800000 (വി. ഫ) | അസിസ്റ്റന്റ് സെക്രട്ടറി | 598625 | |
| 2 | കന്നുകുട്ടി പരിപാലനപദ്ധതി (24/16) 3,12,500രൂപ. (721/201171 dtd. 16.3.2016) | വെറ്ററിനറി സർജൻ | 268390 | |

| | | | | |
|---|---|---|---|---|
| 3 | ഡി പി സി കെട്ടിട നിർമ്മാണ വിഹിതം (143/16) 200000 രൂപ | സെക്രട്ടറി | 200000 | |
| 4 | ഐ എ വൈ ഭവനപദ്ധതി എസ് സി പി (266/16) 17,00,000 രൂപ | സെക്രട്ടറി | 17,00,000 | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് തുക ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-14 കെ എസ് ഇ ബി വൈദ്യുതി ചാർജ് കൂടുതൽ ഈടാക്കി

വൗച്ചർ നം. 21500858/27.1.2016 – 117917 രൂപ (തനതു ഫണ്ട്)

കെ എസ് ഇ ബി താരിഫ് തീരുമാനിച്ചതിൽ വന്ന മാറ്റത്തിന്റെ ഫലമായി തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ് ഇനത്തിൽ മാസത്തിൽ 7175 രൂപ കുറവായാണ് ഡിമാന്റ് ചെയ്യുന്നതെന്നും,(നിലവിലെ പ്രതിമാസ വൈദ്യുതി ചാർജ്- 29,594 രൂപ) പുതുക്കിയ താരിഫ് 36769 രൂപയാണെന്നും, അതിനാൽ അടവാക്കേണ്ടതിൽ കുറവായി വന്നതിന്റെ കുടിശ്ശികയിനത്തിൽ 2014 ആഗസ്റ്റ് മാസം മുതൽ 2015 ഡിസംബർ വരെ 117917 രൂപ അടവാക്കാനായി കെ എസ് ഇ ബി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ വൗച്ചർ പ്രകാരം തുക അടവാക്കിയിട്ടുണ്ട്. 2015-16 വർഷത്തിൽ അവസാനകാലത്ത് 36769 രൂപയാണ് പ്രതിമാസ വൈദ്യുതി ചാർജിനത്തിൽ അടവാക്കിയത്. എന്നാൽ, 7.10.2016 ലെ സംയുക്ത പരിശോധന നടത്തി കെ എസ് ഇ ബി നൽകിയ കത്തിൽ തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ് 15,433 രൂപയായി കുറഞ്ഞിട്ടുണ്ട്. 2015-16 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 4,35,372 രൂപ അടവാക്കിയിട്ടുണ്ട്.

പ്രതിമാസ വൈദ്യുതി ചാർജിനത്തിൽ 15,433 രൂപ അടവാക്കുകയായിരുന്നെങ്കിൽ 185196 രൂപയേ ചെലവാകുമായിരുന്നുള്ളൂ. അധികം നൽകിയ തുക ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച വിവരം അറിയിക്കേണ്ടതാണ്. വൈദ്യുതി ചാർജ്ജിൻെറ ബാധ്യത സംബന്ധിച്ച വ്യക്തമായ കണക്കുകൾ സൂക്ഷിക്കാതിരിക്കുന്നതിൻെറ കാരണവും വ്യക്തമാക്കേണ്ടതാണ്.

## 3-15 ടെലഫോൺ ചാർജിലെ വർദ്ധനവ് പരിശോധിച്ചില്ല.

1)പി എച്ച് സി അത്തോളി

| ക്രമ നം | ടെലഫോൺ ചാർജ്- മാസം | തുക |
|---|---|---|
| 1 | 2015 April- June | 4162 |
| 2 | 2015- July- September | 3099 |
| 3 | 2015- October | 2296 |
| 4 | November | 1792 |
| 5 | December | 2519 |
| 6 | January | 2262 |
| | ആകെ | 16130 |

2) ജി എം യു പിഎസ് വേളൂർ

| ക്രമ നം | ടെലഫോൺ ചാർജ്- മാസം | തുക |
|---|---|---|
| 1 | 2014- ഡിസംബർ | 3058 |
| 2 | 2015- ജനവരി | 1894 |
| 3 | 2015- ഫെബ്രുവരി | 2734 |
| 4 | 2015- മാർച്ച് | 2599 |
| 5 | 2015- ഏപ്രിൽ | 2418 |
| 6 | 2015- മെയ് | 3124 |
| 7 | 2015- ജൂൺ | 3014 |
| 8 | 2015- ആഗ- ഡിസംബർ | 6977 |
| | ആകെ | 25818 |

ടെലഫോൺ ചാർജ്, ഇന്റർനെറ്റ് എന്നിവയുടെ ഉപയോഗം ഇത്രയധികം വർദ്ധിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും, ഇത്തരത്തിൽ ഉണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് സ്ലാബ് മാറ്റാൻ യഥാസമയം ആവശ്യപ്പെട്ടോ എന്നതു സംബന്ധിച്ചും വിശദീകരണം നൽകേണ്ടതാണ്.

ഫോൺ/ ഇന്റർനെറ്റ് എന്നിവയുടെ ഉപയോഗത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് സ്ലാബ് മാറ്റാൻ ആവശ്യപ്പെടാത്ത തിനാലുമാണ് ഈ അമിതമായ നിരക്ക് അടവാക്കേണ്ടി വന്നത്.

ആവശ്യമായ നടപടികൾ സ്വീകരിച്ച് ഫോൺചാർജ് കുറക്കേണ്ടതാണ്.

## 3-16 ദുരുതാശ്വാസനിധി പ്രവർത്തിക്കുന്നില്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും, വിനിയോഗവും )ചട്ടങ്ങളിലെ, ചട്ടം 3 (1)പ്രകാരം പ്രകൃതി ക്ഷോഭങ്ങൾ, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി വെള്ളപ്പൊക്കം, അഗ്നിബാധ, എന്നിവ മൂലം ദുരിതം അനുഭവിക്കുന്നവരും, പഞ്ചായത്ത് പ്രദേശത്ത് വസിക്കുന്ന നിർദ്ദനരായ വ്യക്തികൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനായി ഒരു നിധി രൂപീകരിക്കാവുന്നതാണ്. 3(2) പ്രകാരം, സംഭാവന, ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദ- പരിപാടികൾ സംഘടിപ്പിച്ച് ആവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ രൂപീകരിച്ച നിധിയിൽ 2015-16 വർഷത്തെ മുന്നിരിപ്പായി 33,515 രൂപയും, നീക്കിയിരിപ്പായി 34,854 രൂപയും ഉണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഒരു തരത്തിലുള്ള ധനശേഖരണമോ, സഹായം വിതരണം ചെയ്യലോ ഉണ്ടായില്ല.

ചട്ടപ്രകാരമുള്ള നിധിരൂപീകരണം നടന്നിട്ടും, ഒരു തരത്തിലുള്ള ധനശേഖരണമോ, നിർദ്ധനരായ വ്യക്തികൾക്ക് അടിയന്തിര ധനസഹായം വിതരണം ചെയ്യലോ നടത്താതിരുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-17 പദ്ധതി ആസൂത്രണമില്ലാതെ നടപ്പാക്കുന്നു.

തറോപ്പടിക്കൽ കുടിവെള്ള പദ്ധതിക്കായി 2014-15 വർഷം മുതൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതിക്കായി 3 പ്രൊജക്ടുകൾ വെച്ചിട്ടും പദ്ധതി സമഗ്രമായി നടപ്പാക്കാനാവശ്യമായ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ :-

| ക്രമ നം | പ്രൊജക്ടിന്റെ പേര്, നം | അടങ്കൽ | ചെലവ് | കുറിപ്പുകൾ |
|---|---|---|---|---|
| 1 | തറോപ്പടിക്കൽ കുടിവെള്ള പദ്ധതി- (190/16) | 1,50000 | ഇല്ല | നിർവ്വഹണം- അസി. എൻജിനിയർ |
| 2 | തറോപ്പടിക്കൽ കുടിവെള്ള പദ്ധതി- പമ്പ് ഹൗസ് മോട്ടോർ സ്ഥാപിക്കൽ-(212/16) | 480282 | 480282 | |
| 3 | തറോപ്പടിക്കൽ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ തുക-254/16 | 11000 | 10450 | സെക്രട്ടറി |

ഒരു പദ്ധതിക്കായി 3 പ്രൊജക്ടുകൾ ആണ് തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ ആദ്യത്തെ 2 എണ്ണം അസി. എൻജിനിയറും, പിന്നെ ഒന്ന് സെക്രട്ടറിയുമാണ് നടപ്പാക്കിയത്. അസി. എൻജിനിയർ തയ്യാറാക്കിയ 2 പ്രൊജക്ടുകളിലും, വൈദ്യുതി കണക്ഷനുള്ള തുക വകയിരുത്തിയിരുന്നില്ല. പദ്ധതി കൺവീനർ ആയ ശ്രീ വാസുദേവൻ 18.12.2015 ന് സെക്രട്ടറിക്ക് നൽകിയ കത്തിൽ, പ്രൊജക്ട് പൂർത്തിയാക്കിയിട്ടും വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുള്ള തുക വകയിരുത്താത്തതിനാൽ പദ്ധതി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നും, എന്നാൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിട്ടതിനാൽ കൺവീനർ സ്വന്തം നിലക്ക് കയ്യിലുള്ള പണം 10,450 രൂപ ചെലവഴിച്ച് ഡെപ്പോസിറ്റ് ചെയ്തെന്നും ടി തുക തിരിച്ചു തരണമെന്നുമാണ് കത്തിൽ ആവശ്യപ്പെട്ടത്. ഇതിനാണ് സെക്രട്ടറി മൂന്നാമത്തെ പ്രൊജക്ട് നടപ്പാക്കിയത്.

ആസൂത്രണമില്ലാതെ പ്രൊജക്ടുകൾ തയ്യാറാക്കുകയും, നടപ്പാക്കുകയും ചെയ്യുന്നതിനാൽ പഞ്ചായത്തിന്റെ ഫണ്ടും പരിമിതമായ സമയവും ചെലവഴിക്കപ്പെടുമെങ്കിലും ഉദ്ദേശ്യ ലക്ഷ്യം യഥാസമയം നടക്കുന്നില്ല. ഇത്തരത്തിൽ പദ്ധതി തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-18 സംയുക്ത പ്രൊജക്ടുകളുടെ ചെലവഴിക്കാത്ത തുക- സഞ്ചിത നിധിയിൽ തിരിച്ചടച്ചു.

2015-16 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവരുമായി തയ്യാറാക്കിയ സംയുക്ത പ്രൊജക്ടുകൾ യഥാസമയം നടപ്പാക്കാത്തതിനാൽ ബാക്കിവന്ന തുക സഞ്ചിത നിധിയിലേക്ക് സെക്രട്ടറി പ്രൊജക്ട് വെച്ച് തിരിച്ചടവാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ :-

| ക്രമനം | അടവാക്കിയ സ്ഥാപനം | തുക ബിൽ നം | ചെലാൻ നം | കുറിപ്പുകൾ |
|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് (പ്രൊ. 262/16) | 2,25,000; (1604- 520- 02901159/9.3.16) | 308/11.3.16 | |
| 2 | ജില്ലാ പഞ്ചായത്ത് (പ്രൊ. 264/16) | 10,80,000;(1604- 520-02901158/9.3.16) | 295/11.3.16 | |

മേൽ പറഞ്ഞ തുകയിൽ 2,25,000 രൂപ 2010-11 വർഷത്തെ പ്രൊജക്ടായ (എസ്- 5/ 10-11) പട്ടികജാതിക്കാർക്ക് സ്ഥലം വാങ്ങൽ എന്ന പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയാണ്. ഈ പദ്ധതിയിൽ ഒന്നും ചെലവഴിക്കാത്തതിനാലാണ് 2,25,000 രൂപ നീക്കിയിരിപ്പായി ശേഷിച്ചത്. അതേ പോലെ, 2007-08 വർഷത്തിൽ എസ് സി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള തുകയായി ജില്ലാ പട്ടികജാതി ഓഫീസറിൽ നിന്നും 26,55,000 രൂപ ലഭിച്ചതിൽ (ചെക്ക് നം. 56983/31.03.2008) ചെലവഴിക്കാതെ ബാക്കിവന്ന തുകയാണ് 10,80,000 രൂപ.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് വെക്കാൻ സ്ഥലം വാങ്ങാൻ അനുവദിക്കപ്പെട്ട തുക പൂർണ്ണമായി ചെലവഴിക്കാതെ

സഞ്ചിതനിധിയിലേക്ക് തിരിച്ചടവാക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതും നിലവിൽ ഏതെങ്കിലും പട്ടികജാതിക്കാർക്ക് വീട് വെക്കാൻ സ്ഥലം നൽകാനുണ്ടോ എന്നതു സംബന്ധിച്ചും വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 3-19 പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ കാര്യത്തിൽ ഐ കെ എം പ്രവർത്തനം തൃപ്തികരമല്ല.

സ. ഉ (സാധാ) 1228/2016 തസ്വഭവ. തി. 8.3.2016 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് വിഹിതത്തിന്റെ 0.25% ഐ കെ എം ന് അവരുടെ വിഹിതമായി അടവാക്കേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് ഐ കെ എം ന് തുക നൽകുന്നുണ്ട്.

സർക്കാരിന്റെ 29.05.2009 ലെ ജി ഒ (ആർ ടി) നം 1265/09/ LSGD ഉത്തരവ് അനുസരിച്ച് ഓരോ ഗ്രാമ പഞ്ചായത്തും വർഷത്തിൽ 20,000 രൂപ വീതം അടവാക്കണം. ഇതു പ്രകാരം എല്ലാ വർഷവും ഐ കെ എം ന് പണം നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച സോഫ്റ്റ് വെയറുകളുടെ നിലവിലുള്ള അവസ്ഥ താഴെ കൊടുക്കുന്നു.

| ക്രമ നം | സോഫ്റ്റ് വെയർ ഇനം | ഇപ്പോഴത്തെ പ്രവർത്തനം |
|---|---|---|
| 1 | സേവന സിവിൽ രജിസ്ട്രേഷൻ | പ്രവർത്തിക്കുന്നു |
| 2 | സേവന പെൻഷൻ | പ്രവർത്തിക്കുന്നു |
| 3 | സാംഖ്യ | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 4 | സൂചിക-ഫ്രണ്ട് ഓഫീസ് | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 5 | സുലേഖ- പ്ലാൻ | പ്രവർത്തിക്കുന്നു. |
| 6 | സചിത്ര- ആസ്തി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടില്ല |
| 7 | സ്ഥാപന- ശമ്പളം | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 8 | സഞ്ചയ- വസ്തുനികുതി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി അടവ് ഓൺലൈൻ അടക്കാൻ കഴിയില്ല. |

മുകളിൽ പറഞ്ഞ സോഫ്റ്റ് വെയറുകൾ അതിന്റെ പരിപൂർണ്ണമായ അവസ്ഥയിൽ പ്രവർത്തിക്കുന്നില്ല. അതേ പോലെ, ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റ് വിവരങ്ങൾ ഒന്നും കാലികമല്ല. വെബ്സൈറ്റിൽ വിവരങ്ങൾ ലഭിക്കാതിരിക്കുകയോ ലഭിക്കുന്ന വിവരങ്ങൾ കാലികമായതോ അല്ല.

സാംഖ്യ സോഫ്റ്റ് വെയറിൽ ഉള്ള അപാകതകൾ കാരണം പദ്ധതിചെലവിൽ ചിലപ്പോൾ വ്യത്യാസം വരുന്നുണ്ട്. സുലേഖയുമായി ഓട്ടോമാറ്റിക് ആയല്ല സാംഖ്യ പ്രവർത്തിക്കുന്നത്. സാംഖ്യയിൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രവൃത്തിയിൽ നിന്നും ഈടാക്കുന്ന വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുന്നില്ല.

സ്ഥാപന സോഫ്റ്റ് വെയർ - ശമ്പളത്തിൽ നിന്നും റിക്കവറി കാലാവധി കഴിഞ്ഞാലും റിക്കവറി നിർത്താതെ തുടർന്നു കൊണ്ടേയിരിക്കും. റിക്കവറി മാന്വൽ ആയി റിമൂവ് ചെയ്താലെ അവസാനിക്കുന്നുള്ളൂ. ഇതിനാൽ ഇത്തരം കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തിയില്ലെങ്കിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറി തുടർന്നു കൊണ്ടേയിരിക്കും. സർക്കാരിന്റെ ഉത്തരവുകൾ മാന്വൽ ആയി ചെയ്യണം. സോഫ്റ്റ്വെയർ വെബ് അധിഷ്ഠിതമല്ല.

സചിത്ര സോഫ്റ്റ്വെയറിൽ ആസ്തി വിവരങ്ങൾ എഡിറ്റ് ചെയ്യേണ്ടി വരുമ്പോൾ സർച്ച് ചെയ്തെടുക്കാൻ ബുദ്ധിമുട്ടാണ്.

സഞ്ചയയിൽ ഓൺലൈൻ ആയി നികുതി അടവാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. മുൻവർഷം അടവാക്കിയ തുകയിൽ കുറവ് വരുത്താതെ ചിലപ്പോൾ വീണ്ടും ഡിമാന്റിൽ ഈ തുക വരുന്നു. കൂടാതെ, ഡിമാന്റ് ചെയ്യപ്പെടുന്ന തുകയ്ക്ക് കൃത്യത ചില സമയങ്ങളിൽ ഉണ്ടാകുന്നില്ല. പോസ്റ്റിംഗ് നടത്തിയ കെട്ടിടങ്ങൾക്ക് വീണ്ടും ഡിമാന്റ് ചെയ്യാനുണ്ടെന്ന് കാണിക്കുന്നു.

ഐ കെ എം ആവശ്യപ്പെടുന്ന പണം നൽകിയിട്ടും സോഫ്റ്റ് വെയറുകൾ പൂർണ്ണ തോതിൽ ജനങ്ങൾക്കും, പഞ്ചായത്തിനും ഉപകാരപ്രദമാകുന്നില്ല. ഇക്കാര്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപെടുത്തുന്നു. ഐ കെ എം ന്റെ സേവനം കുറ്റമറ്റതാക്കേണ്ടതാണ്. വർഷങ്ങളായി രൂപം നൽകിയ സോഫ്റ്റ്വെയറുകളിൽ ഇപ്പോഴും അപാകതകൾ തുടരുന്നത് ആശാസ്യമല്ല. ഐ കെ എം ന്റെ പ്രവർത്തനങ്ങളിലെ അപാകതകൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 2,00,000/- | പെയിൻ ആന്റ് പാലിയേറ്റിവ് | 15,020/- | 1,84,980/- |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇറിഗേഷൻ വകുപ്പ് | പുതുക്കടി മീത്തൽ കൾവർട്ട് | 246/16 | 6,01,910/- | --- | ----- |
| കേരള വാട്ടർ അതോറിറ്റി | അംബേദ്കർ കോളനി കുടിവെള്ള പദ്ധതി | 259/16 | 19,50,000/- | --- | ------ |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

വർഷാവസാനത്തിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി ഫൈനൽബില്ല് നൽകി.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 26,94,560/-രൂപയിൽ 17,69,584/-രൂപ തിരിച്ചടച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് വായ്പ | ജി ഒ (എം എസ്)207/2009 | ---- | 26,94,560/- | 17,69,584/- | | 9,24,976/- |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6,94,019/- |
| തൻവർഷം നിക്ഷേപിച്ച തുക | 8,32,308/- |
| ആകെ | 15,26,324/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,92,328/-(including interest) |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ ഡി സി ബാങ്ക് അത്തോളി | 15,92,328/- |
| ആകെ | 15,92,328/- |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | - | 2004-05 | 3 | നികുതി പിരിവിൽ അലംഭാവം പൊതുപരാമർശം |
| 2002-03 | 26 | 2005-06 | 70 (1) | സാങ്കേതിക നിർദ്ദേശം മരാമത്ത് പ്രവൃത്തികളിൽ ലക്ഷ ങ്ങളുടെ നഷ്ടം |
| 2004-05 | 2-2 | 2006-07 | 3-79 (1) | ഗ്രാമപഞ്ചായത്തുകൾ, കെട്ടിട നികുതി, തൊഴിൽനികുതി, തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. (പൊതു പരാമർശം) |
| 2004-05 | 2-4 | 2006- 07 | 3-79(3) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് – അപാകതകൾ |
| 2004-05 | 4-1 | 2006-07 | 3-79(4) | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായവും ക്യാഷ്ബുക്കും മറ്റും ശരിയായ വിധം എഴുതുന്നില്ല. |
| 2004-05 | 3-6 | 2006-07 | 3-79(16) | സർക്കാർ നിർദ്ദേശങ്ങൾ, ചട്ടങ്ങൾ/സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നില്ല. |
| 2004-05 | 3-2 | 2006-07 | 3-79(18) | ആരംഭിച്ച പദ്ധതി പൂർത്തിയാക്കിയില്ല/ഉപേക്ഷിച്ചു |
| 2004-05 | 3-12 | 2006-07 | 3-79(19) | മരാമത്ത് പ്രവൃത്തികൾ, നിരക്ക് അധികം നൽകുന്നത്/അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,53,66,166/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,75,42,923/- |
| വരവിനങ്ങളിലുള്ള നഷ്ടം | 3,600/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 71,4,145 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 58,95,067/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 3600/- | | അജിത് കുമാർ കെ കെ ,സെക്രട്ടറി |
| 3-1 | | 6,74,653/- | സൂരജ് പി ജി,അസി.എഞ്ചിനീയർ, അസി. എക്സി. എഞ്ചിനീയർ |
| 3-3 | | 39,492/- | സൂരജ് പി ജി,അസി.എഞ്ചിനീയർ, അസി. എക്സി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 25,51,910/- | സൂരജ് പി ഒ,അസി എഞ്ചിനീയർ |
| 3-7 | 5,25,000/- | സൂരജ് പി ഒ,അസി എഞ്ചിനീയർ |

| | | |
|---|---|---|
| 3-12 | 51,142/- | രാജേഷ് എ,സെക്രട്ടറി |
| 3-13 | 5,98,625/- | പി വി സത്യഭാമ ,അസി.സെക്രട്ടറി |
| 3-13 | 2,68,390/- | പ്രിയ കെ നായർ,വെറ്റിനറി സർജൻ |
| 3-13 | 19,00,000/- | രാജേഷ് എ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി ഒ സൂരജ്,അസി എഞ്ചിനീയർ | | സ്വപ്ന,എം എസ് എസ് സ്കൂളിന് സമീപം,തണ്ണീർപന്തൽ,വേങ്ങേരി |
| രാജേഷ് എ,സെക്രട്ടറി | അത്തോളി ഗ്രാമപഞ്ചായത്ത് | ആരതി,പെരുവട്ടൂർ,കൊയിലാണ്ടി |

ഖണ്ഡിക 3(1),3(3) എന്നിവയിലെ അസി. എക്സി. എഞ്ചിനീയറുടെ മേൽവിലാസം പ്രഥമ മറുപടിയിലുൾപ്പെടുത്തേണ്ടതാണ്.

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.11571/08തി03.12.08 | 2 | |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി1. 1572/08തി.03.12.08 | 8 | |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി1. 1573/08തി03.12.08 | 6 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി1. 1574/08.തി.03.12.08 | 12 | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1. 1253/08തി.05.12.08. | 8 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.എസ്1/1150/07തി. 19.12.07 | 11 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.എസ്2/1446/07തി10.03.08. | 12 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി1. 1175/09തി03.11.09 | 30 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി10. 1304/10തി.04.11.2011 | 33 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.13.466/13(1)തി.08.04.2013 | 17 | |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി13.467/13തി.11.02.13 | 17 | |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി/പി13/205/14.തി.7.6.2014 | 23 | |

| | | | |
|---|---|---|---|
| 2013-14<br>2014-15 | കെ എസ് എ/കെ കെ ഡി /പി13/415/2016 തീയതി-31.03.2016 | 15 | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം**1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി. പി13/17/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി:9-1-2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിൻെറ 2015-16വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

No. KSA.KKD-P13/17/2017

Kerala State Audit Department,

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date:9-1-2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Atholi Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section

215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Atholi Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

District Audit Office, Kozhikode.